## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5164 | 15.11.2019-ൽ മറുപടിയ്ക്ക് |
|---|---|

**സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എം. മുകേഷ്<br>,, വി. ജോയി<br>,, കാരാട്ട് റസാഖ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഗ്രാമ പഞ്ചായത്തുകളിലെ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം അനുവദിച്ചു വരുന്നു. പൊതുജനങ്ങളിൽ സമ്പൂർണ ശുചിത്വ സംസ്കാരം സൃഷ്ടിക്കുന്നതിനാവശ്യമായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി ശുചിത്വ മിഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) & (സി) | സംസ്ഥാനത്ത് എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ഉറപ്പാക്കി വെളിയിട വിസർജ്ജന വിമുക്തമാക്കുക, പൊതു ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുക, ഗാർഹികയിടങ്ങളിലും പൊതു-സ്വകാര്യ സ്ഥാപനങ്ങളിലും ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ എന്നീ രീതികളിൽ സംസ്കരിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് ആവശ്യമായ സഹായം നൽകുക, അജൈവമാലിന്യം ശേഖരിച്ച്, തരംതിരിച്ച് പുന:ചംക്രമണം ഉറപ്പാക്കുക, റീ സൈക്ളിങ്ങിന് വിധേയമാക്കുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ടാറിങ്ങിനായി ഉപയോഗിക്കുക, പുന:ചംക്രമണം നടത്തുന്നതിനനുസൃതമായ ശുചിത്വ സംസ്കാരം പൗരന്മാരിൽ സൃഷ്ടിക്കുക, ദ്രവമാലിന്യം സുരക്ഷിതമായി സംസ്കരിക്കുക, സെപ്റ്റേജ് സംസ്കരിക്കുന്നതിന് പശ്ചാത്തല സൗകര്യം സൃഷ്ടിക്കുക മുതലായവയാണ് സംസ്ഥാനം സമ്പൂർണ്ണ ശുചിത്വ പ്രദേശമായി മാറ്റുകയെന്ന ലക്ഷ്യത്തോടെ ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ. ഹരിതകേരളം മിഷന്റെ ലക്ഷ്യങ്ങൾക്കനുസൃതമായി ജനപങ്കാളിത്തമുറപ്പാക്കി മാലിന്യ സംസ്കരണ പരിപാലന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പിന്തുണയും സർക്കാർ സഹായധനവും ശുചിത്വ മിഷൻ മുഖേനയാണ് നൽകി വരുന്നത്. |
| (സി) | ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഹരിത കേരളം - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചാണ് സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായ ഖര-ദ്രവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രധാന പ്രോജക്ടുകൾ<br>1) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ<br>2) തുമ്പൂർ മൂഴി മോഡൽ, കമ്മ്യൂണിറ്റി തല എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനം<br>3) മാർക്കറ്റുകളിൽ കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മുതലായവ<br>4) കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ ഖര-ദ്രവ-മാലിന്യ സംസ്കരണ പ്ലാന്റുകൾ<br>5) കൈമാറി ലഭിച്ചിട്ടുള്ള സ്കൂളുകളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് സംവിധാനം<br>6) സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ<br>7) ഒന്നിലധികം ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കുന്ന പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (സംയുക്ത പ്രോജക്റ്റ്)<br>കൂടാതെ റസിഡന്റ് അസോസിയേഷനുകൾ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് പ്രോജക്ടുകൾക്ക് സാമ്പത്തികവും, സാങ്കേതികവുമായ സഹായം നൽകി വരുന്നു. |
| (ഡി) | പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി വിനിയോഗിക്കുന്നതിനായി ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും പദ്ധതിയുടെ കേന്ദ്ര- സംസ്ഥാന വിഹിതം എത്ര ശതമാനമാണെന്നും അറിയിക്കാമോ? | (ഡി) | 60:40 എന്ന അനുപാതത്തിലാണ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ഫണ്ട് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയ തുക വിനിയോഗിക്കുന്നതിനായി പദ്ധതി തയ്യാറാക്കി ഡി.പി.സി അംഗീകാരം ലഭ്യമാക്കിയാണ് നിർവ്വഹണം നടത്തുന്നത് |

സെക്ഷൻ ഓഫീസർ